"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26-സംസ്ഥാന ഭവനനിർമ്മാണ ബോർഡ്-എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി- ഗുണഭോക്താവിന്റെയും സ്പോൺസറുടെയും വിഹിതം പുനക്രമീകരിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2/2026/HSG തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:-

1. 30.05.2025-ൽ ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
2. സ. ഉ. (സാധാ) നം. 23/2025/HSG തീയതി 10.07.2025.
3. 19.08.2025-ലെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ KSHB-HO/335/2023-LRCI നമ്പർ കത്ത്.

ഉത്തരവ്

ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 10.00 കോടി രൂപ വിനിയോഗിച്ച് എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി നിർവ്വഹിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നല്കിയിരുന്നു.

2) സർക്കാർ സബ്സിഡി 2 ലക്ഷം രൂപ, സ്പോൺസർ/ കോൺട്രിബ്യൂട്ടേഴ്സ് വിഹിതം -2 ലക്ഷം രൂപ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം-1 ലക്ഷം രൂപ എന്നീ കണക്കിൽ യൂണിറ്റ് ഒന്നിന് 5 ലക്ഷം രൂപയിൽ നിജപ്പെടുത്തി നടപ്പിലാക്കുവാൻ സമർപ്പിച്ചിരുന്ന പദ്ധതി ശിപാർശ പരിഗണിച്ച വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ്, നിലവിലെ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാക്കുന്നതിന് ഉന്നതതല നയപരമായ തീരുമാനം ആവശ്യമുണ്ടെന്ന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ, സർക്കാർ സബ്സിഡി 2.00 ലക്ഷം ആയി നിലനിർത്തി ഗുണഭോക്തൃവിഹിതം 1 ലക്ഷം രൂപയിൽ നിന്നും 1.50 ലക്ഷം രൂപയായും, സ്പോൺസറുടെ വിഹിതം 1 ലക്ഷം രൂപയിൽ നിന്നും 1.50 രൂപയായും വർദ്ധിപ്പിച്ച് പുതുക്കിയ ഭരണാനുമതി നൽകുവാൻ പരാമർശം (3) പ്രകാരം ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ശിപാർശ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം(2) പ്രകാരം ഭരണാനുമതി നൽകിയിരുന്ന "എം. എൻ. ലക്ഷം വീട് പുനനർനിർമ്മാണ പദ്ധതി"ക്ക് സർക്കാർ വിഹിതം 2 ലക്ഷം രൂപയിൽ നിലനിർത്തി ഗുണഭോക്തൃ വിഹിതവും സ്പോൺസർ വിഹിതവും 1

ലക്ഷത്തിൽ നിന്നും 1.50 രൂപയായി ഉയർത്തി ഉത്തരവാകുന്നു.

4) പരാമർശം (2) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. സെക്രട്ടറി, സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.
2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
4. ധനകാര്യ (പി. യു. സി.) വകുപ്പ്
5. ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
6. ഐ & പി. ആർ. (വെബ് &ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

സെക്ഷൻ ഓഫീസർ

Date: 20-01-2026 11:24:02